# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1204 20.03.2012 - ൽ മറുപടിക്ക്

### കോഴിക്കോട് മോണോറെയിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. കെ. അച്ചുതൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ബാംഗ്ലൂർ ആസ്ഥാനമായ വിൽബർസ്മിത്ത് അസോസിയേറ്റ്സ് എന്ന കൺസൾട്ടന്റ് മുഖേന കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ വിശദമായ ഒരു സാധ്യതാ പഠനം നടത്തുകയും അതിന്റെ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതിനായി പുതിയ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഉണ്ട്. |
| (സി) പദ്ധതിക്കുള്ള തുക എങ്ങനെ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;<br><br>(ഡി) ഇതിന്റെ ആദ്യഘട്ടം എന്ന് കമ്മിഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കുമോ ? | (സി) & (ഡി) പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുവാൻ DMRC (Delhi Metro Rail Corporation) – യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചശേഷം മാത്രമേ പദ്ധതി എപ്രകാരം നടപ്പിലാക്കുവാൻ കഴിയുമെന്നതു സംബന്ധിച്ച നയപരമായ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.